## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ 666 — 06-02-2013 ൽ മറുപടിയ്ക്ക്

### ഹൗസിംഗ് ബോർഡിന്റെ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ കൂടുതൽ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) സ്വീകരിച്ചിട്ടുണ്ട്.<br>ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് നഗര പ്രദേശങ്ങളിൽ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് ഭവന നിർമ്മാണ ബോർഡ് മുൻഗണന നൽകുന്നത്. ഇതു പ്രകാരം തിരുവനന്തപുരം കവടിയാർ ഹൈറ്റ്സ് ഫ്ളാറ്റ്സ് പദ്ധതിയിൽ 36 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരത്ത് അമ്പലനഗറിലും കൊച്ചിയിൽ പനമ്പള്ളി നഗറിലും ബോർഡിന്റെ ഉടമസ്ഥയിലുള്ള സ്ഥലത്ത് ഗ്രീൻ ബിൽഡിംഗ് സാങ്കേതിക വിദ്യ അവലംബിച്ചു കൊണ്ടുള്ള ഫ്ളാറ്റ് നിർമ്മാണ പദ്ധതികൾ, ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി, പാരസ്പര്യ പദ്ധതിയായി നടപ്പിലാക്കാനുദ്ദേശിയ്ക്കുന്നുണ്ട്. മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കിയതിനു ശേഷം മാത്രമേ പദ്ധതികൾ നടപ്പിലാക്കുകയുള്ളു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ബോർഡിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനത്തും വർക്കിംഗ് വുമൺ/മെൻ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കട്ടപ്പന, കോഴിക്കോട് എന്നിവിടങ്ങളിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മുട്ടം (ഇടുക്കി), ഗാന്ധിനഗർ (കോട്ടയം), കാക്കനാട് (എറണാകുളം), പുല്ലഴി (തൃശ്ശൂർ) എന്നിവിടങ്ങളിൽ ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മുട്ടത്ത് നിലവിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിനോടനുബന്ധിച്ച് ഒരു അഡീഷണൽ ബ്ളോക്ക് കൂടി പണിയുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് എല്ലാം ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരത്തിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ